**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5086** **14-03-2023 - ൽ മറുപടിയ്ക്ക്**

**ഡി.എൽ.എഡ്. പ്രവേശന നടപടികൾ ഓൺലൈൻ ആക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | അദ്ധ്യാപക പരിശീലന കോഴ്സായ ഡി.എൽ.എഡ്. (ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ) പ്രവേശന നടപടികൾ ഇപ്പോഴും മാന്വലായിട്ടാണ് നടത്തുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എല്ലാ കോഴ്സുകളിലേയ്ക്കും ഓൺലൈൻ മുഖേന പ്രവേശനം നടത്തുമ്പോൾ ഡി.എൽ.എഡ്. പ്രവേശന നടപടികൾ മാത്രം മാന്വലായിട്ട് നടത്തുവാനുള്ള കാരണം എന്താണ്; വിശദാംശം നൽകുമോ; ഡി.എൽ.എഡ്. പ്രവേശന നടപടികൾ ഓൺലൈൻ ആക്കുവാൻ നടപടി സ്വീകരിക്കുമോ; അറിയിക്കുമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു .<br>ഡി.എൽ.എഡ്. പ്രവേശന നടപടികൾ ഓൺലൈൻ ആക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. |
| (സി) | ഡി.എൽ.എഡ്. ന്റെ 2022-24 ബാച്ചിലേക്ക് ഓരോ ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകളുടെയും പ്രവേശനം നേടിയവരുടെയും എണ്ണം വ്യക്തമാക്കുമോ; മറ്റ് ജില്ലകളിൽ ഡി.എൽ.എഡ്. പ്രവേശന നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുമ്പോഴും മലപ്പുറം ജില്ലയിൽ മാത്രം കാലതാമസം നേരിടുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കാമോ? | (സി) | ഡി.എൽ.എഡ്. 2022-23 വർഷത്തെ ബാച്ചിലേയ്ക്ക് ഓരോ ജില്ലയിലും ലഭ്യമായ അപേക്ഷകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.<br>ശ്രദ്ധയിൽപെട്ടിട്ടുണ്ട്.എല്ലാ ജില്ലയിലും ഡി.എൽ.എഡ്. പ്രവേശന നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ജില്ല | ലഭ്യമായ ആകെ അപേക്ഷകളുടെ എണ്ണം | പ്രവേശനം നേടിയവരുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 4160 | 668 |
| 2 | കൊല്ലം | 6444 | 745 |
| 3 | പത്തനംതിട്ട | 928 | 166 |
| 4 | ആലപ്പുഴ | 2336 | 256 |
| 5 | കോട്ടയം | 1403 | 195 |
| 6 | ഇടുക്കി | 918 | 181 |
| 7 | എറണാകുളം | 2048 | 373 |
| 8 | തൃശ്ശൂർ | 1753 | 285 |
| 9 | പാലക്കാട് | 3739 | 455 |
| 10 | മലപ്പുറം | 8998 | 879 |
| 11 | കോഴിക്കോട് | 5594 | 394 |
| 12 | വയനാട് | 1987 | 259 |
| 13 | കണ്ണൂർ | 3761 | 315 |
| 14 | കാസർഗോഡ് | 2527 | 199 |